# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

**Hazrat Khalifathullah Munir Ahmad Azim (A)**

**24 March 2017 (24 Jamad-ul-Aakhir 1438 Hijira)**

## THE PROMISED MASSIH (AS) /വാഗ്ദത്തമസീഹ്

സലാമിന് ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : ഫാത്തിഹ ഓതിയ ശേഷം **വാഗ്ദത്തമസീഹ് (അ)** എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ നിർവ്വഹിക്കുകയുണ്ടായി.

നിങ്ങൾക്കെല്ലാവർക്കും നന്നായി അറിയാവുന്നതാണ് മാർച്ച് 23 ന്റെ പ്രത്യേകത. അഹ്മദി മുസ്ലിംകൾ പ്രസ്തുത ദിനത്തെ ഒരു വിശിഷ്ടദിനമായി ലോകമെങ്ങും കൊണ്ടാടുകയാണ്. മാനവ ചരിത്രത്തിനലെ അത്യുന്നതനായ ഒരു ആത്മീയ നേതാവ്, അതായ്, ഹസ്രത് മിർസാഗുലാം അഹ്മദ് (അ) തന്റെ അനുചരന്മാരിൽ നിന്നും ഭക്തി പ്രതിഞ്ജ (ബൈഅത്ത്) സ്വീകരിച്ച ദിനമാണത്. 1889 ൽ അല്ലാഹുവിൽ നിന്നുള്ള ആവർത്തിച്ചുള്ള വെളിപാടുമൂലമാണ് ആമാഹാനുഭാവൻ, ചരിത്ര പ്രധാനമായ പ്രസ്തുത ബൈഅത്തിന് തുടക്കം കുറിച്ചത്.

അങ്ങനെ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ഇസ്ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. തന്റെ ശിഷ്ടകാലം, ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിനായി ചെലവഴിക്കുകയുണ്ടായി. അല്ലാഹുവിൽ നിന്ന് അദ്ദേഹത്തിന് ലഭിച്ച വെളിപാടുകളിലകിലവും അദ്ദേഹം ലോക സമക്ഷം പങ്കുവെച്ചു.

## വാഗ്ദത്ത മസീഹ് (അ) ന്റെ കുടുംബ പശ്ചാത്തലം

വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) പേർഷ്യൻ ഗ്രോത്രമായ ബാർലാസ എന്ന പേരിൽ അറിയപ്പെടുന്ന വളരെ പ്രശസ്തമായ ഒരു വർഗ്ഗത്തിൽപെടുന്ന ആളായിരുന്നു. **AD 1530** ൽ, അദ്ദേഹത്തിന്റെ മുൻഗാമികളിൽ ഒരാളായ, മിർസാ ഹാദി ബേഗ്, തന്റെ ജന്മനഗരമായ സമർക്കന്തിൽ നിന്നും (ഖുറാസാൻ പ്രവിശ്യയിൽപ്പെട്ട, ഇപ്പോൾ അത് ഉസ്ബക്കിസ്ഥാനിൽ) ഇൻഡ്യയിലേക്ക് കുടിയേറി പാർക്കുകയുണ്ടായി. അദ്ദേഹം വളരെ ആദരണീയനായ ഒരു വ്യക്തി ആയിരുന്നു. ഒരു പണ്ഡിതനായിരുന്നു, ആത്മീയാചാര്യനുമായിരുന്നു. ഇൻഡ്യാ അന്ന് മുഗൾ ചക്രവർത്തിയായ ബാബറിന്റെ ഭരണത്തിൽ കീഴിലായിരുന്നു.

മിർസാഹാദിബോഗിന്, ചക്രവർത്തി, ജനവാസമില്ലാത്ത ഒരു പ്രദേശം നല്കുകയും, അവിടെ അദ്ദേഹവും അദ്ദേഹത്തിന്റെ ഗ്രോത്രവും താമസമാവുകയും ചെയ്തു. ഈ പ്രദേശം ലാഹോറിൽ നിന്നും 70 മൈൽ വടക്ക് കിഴക്കുള്ള ഒരു പ്രദേശമായിരുന്നു. അദ്ദേഹം

സ്ഥാപിച്ച പ്രസ്തുത പട്ടണ സ്ഥലത്തിന് അദ്ദേഹം ഇസ്ലാംപൂർ എന്ന് നാമകരണം ചെയ്തു. അദ്ദേഹം അവിടത്തെ മുഖ്യഭരണാധികാരിയായി, മുഖ്യഖാസിയും അദ്ദേഹമായിരുന്നു. കാലം കടന്നുപോയപ്പോൾ ഇസ്ലാംപൂരിൽ മാറ്റങ്ങൾ അനേകമുണ്ടായി

ഇസ്ലാംപൂരിനെ, പിന്നീട്, ഇസ്ലാംപൂർ ഖാദി എന്നും, തുടർന്ന് ഖാദി എന്നും, ഒടുവിൽ ഖാദിയാൻ എന്നും ആ സ്ഥലം അറിയപ്പെട്ടു.

മിർസാ ഗുർമുഹമ്മദ് ആയിരുന്നു ഹസ്രത് വാഗ്ദത്തമസീഹ് (അ) ന്റെ മുതുമുത്തച്ഛൻ. അദ്ദേഹത്തിന്റെ സത്യസന്ധതയും ദൈവഭയവും വളരെ പ്രശ്സ്തമായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ മിർസാ അത്താ മുഹമ്മദ്, വാഗ്ദത്തമസീഹിന്റെ മുത്തച്ഛനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയായ ചിരാഗ്ബീബിയുടെ പുത്രനായി ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ഭുജാതനായി

## അനുഗ്രഹീത ജനനവും ആദ്യകാല ജീവിതവും

1835 **AD** ഫെബ്രുവരി 13 (14 ശവ്വാൽ 1250) വെള്ളിയാഴ്ച പ്രഭാതത്തിനു മുമ്പായി അദ്ദേഹം ജനിച്ചു. അദ്ദേഹത്തിന്റെ ജനനത്തോടൊപ്പം മറ്റൊരു സഹോദരിയും പിറന്നു. ജന്നത്ത് എന്നായിരുന്നു പേര്. എന്നാൽ അവർ അധികം താമസിയാതെ മരണപ്പെടുകയുണ്ടായി. നൂറ്റാണ്ടുകളായി ഇസ്ലാമിക സാഹിത്യത്തിൽ രേഖപ്പെടുത്തപ്പെട്ട ഒരു പ്രവചനത്തിന്റെ പൂർത്തികരണം കൂടി ആയിരുന്നു ഈ ഇരട്ടകുട്ടി ജനനം. അതായത് വാഗ്ദത്ത മഹ്ദി (പരിഷ്കർത്താവ്) ഇരട്ട ആയിട്ടായിരിക്കും ജനിക്കുന്നത് (ഫുസൂസുൽ ഹിക്കം, മുഹ്യിദ്ദീൻ ഇബ്നു അറബി)

കുട്ടിക്കാലത്ത് വ്യർത്ഥമായ കാര്യങ്ങളിൽ ഏർപ്പെടുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഇക്കാര്യത്തിൽ സഹപാഠികളിൽ നിന്നും അകന്നു നില്ക്കുകയുണ്ടായി. അടിസ്ഥാന വിദ്യാഭ്യാസം നേടിയത് കുടുംബത്തിൽ നിന്നു തന്നെ. ഒന്നിനു പുറകെ ഒന്നായി മൂന്ന് അധ്യാപകരിൽ നിന്നുമാണ് അദ്ദേഹത്തിന് പ്രഥമിക വിദ്യാഭ്യാസം ലഭിച്ചത്

## അദ്ദേഹത്തിന്റെ ഒന്നാം വിവാഹം

പ്രഥമ വിവാഹം നടന്നത് അദ്ദേഹത്തിന്റെ പതിനഞ്ചാം വയസ്സിലായിരുന്നു. ഹുർമത്ത് ബീവി ആയിരുന്നു ഭാര്യ. ഇതിൽ രണ്ട് പുത്രന്മാർ ജനിച്ചു മിർസാ സുൽത്താൻ അഹ്മദും, മിർസാ ഫസൽ അഹ്മദും. മിർസാ ഫസൽ അഹ്മദ് 50 വയസ്സ് പ്രായമെത്തിയപ്പോൾ മരണപ്പെട്ടു. എന്നാൽ ഹസ്രത് സുൽത്താൻ അഹ്മദ് ദീർഘകാലം ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ ഇളയ സഹോദരനായ വാഗ്ദത്തമിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി (റ) ന്റെ കൈകളിൽ ബൈഅത്ത് ചെയ്യുകയുണ്ടായി

## അദ്ദേഹത്തിന്റെ പ്രാർത്ഥനയോടുള്ള ആഭിമുഖ്യവും ധ്യാനവും

ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ഏകനായി ഇരിക്കുന്നത് വളരെ വിലപ്പെട്ടതായി കണ്ടിരുന്നു. മിക്കവാറും സമയങ്ങളിൽ പ്രാർത്ഥനയിലായിരുന്നു. അല്ലെങ്കിൽ ഖുർആൻ പഠനത്തിൽ ആഴ്ന്നിറങ്ങിയിരുന്നു.

തന്റെ പുത്രനെകുറിച്ച് പിതാവ് തികച്ചും ബോധാവനായിരുന്നു. മതപരമായ കാര്യങ്ങളിൽ തന്റെ മകൻ അതീവ തത്പരനായിരിക്കുന്നത് അദ്ദേഹം ശ്രദ്ധിച്ചിരുന്നു. എന്നാൽ പിതാവെന്ന നിലയിൽ മകന്റെ ദൈനം ദിന കാര്യങ്ങളെകുറിച്ച് ഉത്കണ്ഠാകുലനായിരുന്നു. തന്റെ മകനെക്കുറിച്ച്, തന്റെ സ്നേഹിതരോട്, സാധാരണ പറയുമായിരുന്നു. എന്റെ ഈ മകൻ ഒരു മസീതർ ആകുന്നു. (പഞ്ചാബി ഭാഷയിൽ മസീതർ എന്നാൽ കൂടുതൽ സമയവും പള്ളിയിൽ പ്രാർത്ഥനയിൽ കഴിഞ്ഞു കൂടുന്നവൻ എന്നർത്ഥം) അവൻ ഒരു ജോലിയും അന്വേഷിക്കാറുമില്ല. അവൻ അവന്റെ കാര്യത്തിനെങ്കിലും എന്തെങ്കിലും സമ്പാദിക്കണമെന്ന് താത്പര്യവുമില്ല.

## പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ സ്വപ്നത്തിൽ ദർശിക്കുന്നു

അദ്ദേഹത്തിന് മുപ്പതോ, മുപ്പത്തി ഒന്നോ വയസ്സുള്ളപ്പോൾ മിർസാഗുലാം അഹ്മദ് (അ) ഹസ്രത് മുഹമ്മദ് (സ) നെ സ്വപ്നത്തിൽ ദർശിക്കുകയുണ്ടായി. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നോടുള്ള അദമ്യമായ സ്നേഹവായ്പ് എത്രത്തോളം ശക്തമാണെന്ന് പ്രസ്തുത ദർശനം വെളിവാക്കുന്നു. മറ്റെല്ലാവരിൽ നിന്നും ഒറ്റപ്പെടുവാനും അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ മഹത്തായ ആത്മീയ ഭാവിയുടെ പ്രവചനം കൂടി ആയിരുന്നു ഈ സംഭവം

1868 ലോ 1869 ലോ, ബാട്ടാലയിൽ, ഒരു മതപരമായ വാദപ്രതിവാദത്തിൽ, മൗലവി മുഹമ്മദ് ഹുസൈൽ ബട്ടാലവി ക്കെതിരിൽ, പങ്കെടുക്കുവാൻ അദ്ദേഹം വിസമ്മതിച്ചു. കാരണം, ഭിന്നാഭിപ്രായക്കാർക്കുള്ള ഒരു വാദത്തിന് വേണ്ടി മാത്രം വാദം നയിക്കുന്ന ഒരു സ്ഥലത്ത് പങ്കെടുക്കവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ഇത്തരത്തിലുള്ള സ്ഥലത്ത് പങ്കെടുത്തു കീർത്തി നേടുവാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അദ്ദേഹം ഇഷ്ടപ്പെട്ടത് അല്ലാഹുവിന്റെ അംഗീകാരവും, അല്ലാഹുവിന്റെ സന്തോഷവുമാണ്. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലയ്ക്കെതിരിൽ ഡിബേറ്റിൽ പങ്കെടുക്കുവാനുള്ള ജനങ്ങളുടെ സമ്മർദ്ദത്തന് അദ്ദേഹം വഴങ്ങിയില്ല. അദ്ദേഹം സ്വീകരിച്ച നിലപാടു തികച്ചും ശരിയായതായിരുന്നു. പരിശുദ്ധ ഖുർആന് ഏറ്റവും മുന്തിയ പരിഗണനകൊടുക്കുക. പ്രവാചക വചനങ്ങൾക്ക് രണ്ടാമത്തെ മുൻഗണന കൊടുക്കുക. ഈ ശരിയായ രീതിക്ക് അല്ലാഹു വളരെയധികം സന്തുഷ്ടിരേഖപ്പെടുത്തി. പ്രസ്തുത രാത്രിയിൽ, വാഗ്ദത്തമസീഹ് (അ) ന് ഉർദുവിൽ ഒരു വെളിപാടു ലഭിക്കുകയുണ്ടായി അതിന്റെ പരിഭാഷ ഇപ്രകാരമാണ് നിന്റെ ഈ പ്രവർത്തിയിൽ അല്ലാഹു വളരെയധികം സന്തുഷ്ടനാണ്. വലിയ അളവിൽ അവന്റെ അനുഗ്രഹം നിന്റെ മേൽ ഇറക്കുന്നതാണ്. നിന്റെ വസ്ത്രങ്ങളിൽ നിന്ന് രാജാക്കന്മാർ പോലും അനുഗ്രഹങ്ങൾ തേടുന്നതാണ്.

## പിതാവിന്റെ വിയോഗവും ദൈവീക ദൃഢികരണവും

1876 ജൂൺ ൽ ഒരു സന്ധ്യയ്ക്ക് ശേഷം അദ്ദേഹത്തിന്റെ പിതാവ് ഇഹലോകവാസം വെടിഞ്ഞു. അതെ ദിവസം ഉച്ചസമയത്ത്, അദ്ദേഹത്തിന് ഒരു വെളിപാട് ലഭിക്കുകയുണ്ടായി.

അതിൽ സർവ്വശക്തനായ അല്ലാഹു പറഞ്ഞു. അദ്ദേഹത്തിന്റെ പിതാവിന്റെ വഫാത്തിനെ കുറിച്ച്. ഈ ദുഃഖാവസ്ഥയിൽ, അദ്ദേഹത്തിന് ഹ്രസ്വമായ നിലയിൽ, ഒരു അരക്ഷിതാവസ്ഥ അനുഭവപ്പെട്ടു. തന്റെ പിതാവിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന സാമ്പത്തിക ഉറവിടം അവസാനിച്ചിരിക്കുന്നു. ഒരു പക്ഷേ ദാരിദ്രവും, വേദനയും ആയിരിക്കും ഇനി വരാൻ പോകുന്നത് ! ഈ ചിന്തകൾ മഥിച്ചുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്ന് തന്നെ, അല്ലാഹുവിൽ നിന്ന് മറ്റൊരു വെളിപാട് ലഭിക്കുകയുണ്ടായി. അത് ഖുർആനിൽ നിന്നുള്ള ഒരു വചനമായിരുന്നു. ചുരുങ്ങിയ വാക്കുകളിൽ അധ്യായം 39 : 37

അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ?

ഈ വെളിപാട് അദ്ദേഹത്തിന് വളരെ വലിയ ആശ്വാസം പ്രദാനം ചെയ്യുകയുണ്ടായി. മനസ്സിന് സമാധാനമായി. ഇതിലൂടെ അദ്ദേഹത്തിന്റെ കാര്യങ്ങൾ അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. എന്നും അദ്ദേഹത്തിന്റെ ഉത്കണ്ഠകളിൽ നിന്നുള്ള സംരക്ഷണവും അവനിലൂടെയാണ് എന്നും വ്യക്തമാക്കപ്പെടുകയുണ്ടായി.

## മുജദ്ദിദ് നിയമനം

**A.D. 1882** ൽ അദ്ദേഹം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ ഒരു ദർശനത്തിൽ കാണുകയുണ്ടായി. അപ്പോൾ അല്ലാഹുവിൽ നിന്നുള്ള ആദ്യത്തെ വെളിപാട് ലഭിക്കുകയുണ്ടായി. അതായത് അദ്ദേഹത്തെ മുജദ്ദിദായി നിയമിച്ചിരിക്കുന്നു എന്ന്!

**ദൈവീക മാർഗ്ഗ നിർദ്ദേശത്താലുള്ള വിവാഹം :-** അദ്ദേഹത്തിന് ലഭിച്ച ദൈവീക വെളിപാടുകളുടെ അടിസ്ഥാനത്തിൽ, 1885 നവംബർ 17 ന് ഡൽഹിയിലെ മിർ നാസിർ നവാബ് സാഹിബിന്റെ പുത്രി ഹസ്റത്ത് നുസ്റത്ത് ജഹാൻ ബീഗം (റ) വിവാഹം കഴിക്കുകയുണ്ടായി.

## അദ്ദേഹത്തിന്റെ ആത്മീയ പൗരോഹിത്യത്തിന്റെ പരസ്യ പ്രഖ്യാപനം

1885 മാർച്ചിൽ ഒരു പൊതു പരസ്യത്തിലൂടെ സുപ്രസിദ്ധരായ മിക്കവാറും എല്ലാ മത നേതാക്കന്മാരെയും, പണ്ഡിതന്മാരെയും, ലോകരാജാക്കന്മാരെയും, അല്ലാഹുവിൽ നിന്ന് ലഭിച്ച വെളിപാടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം അറിയിച്ചു. അദ്ദേഹം ഈ കാലഘട്ടത്തിലെ പരിഷ്കർത്താവാണ് എന്ന് ! മർയമിന്റെ മകൻ ഈസാ (അ) ന്റെ ആത്മീയ പദവിയാണ് തനിക്കുളളതെന്നും പ്രഖ്യാപിച്ചു. ഈ പരസ്യത്തെ ഒരു ക്ഷണക്കത്തായി കരുതി എല്ലാവരെയും, തന്നെ ഖാദിയാനിൽ വന്ന് നേരിൽ കാണുവാൻ, ക്ഷണിക്കുകയും ചെയ്തു. തന്റെ പ്രഖ്യാപനത്തിനനുഗുണമായ ദൈവീക ദൃഷ്ടാന്തങ്ങൾ നേരിൽ കണ്ടു ബോധ്യപ്പെടുവാൻ ആവശ്യപ്പെടുകയുമുണ്ടായി.

**അദ്ദേഹത്തിന്റെ ദ്വീതിയ ഭാര്യയിലെ തന്റെ സന്താനങ്ങൾ :** - വാഗ്ദത്ത മസീഹ് (അ) ന്റെ രണ്ടാം ഭാര്യ ഹസ്രത് സയ്യിദ : നുസ്റത്തുജഹാൻ ബീഗം (റ) സാഹിബയിൽ 10 കുട്ടികൾ ജനിക്കുയുണ്ടായി. അവരിലൂടെ അനേകം ദൈവീക പ്രവചനങ്ങളും നിറവേറിയിട്ടുണ്ട്. അവരിൽ 5 പേർ ദീർഘായുസ്സുള്ളവരായിരുന്നു. അവരുടെ പേരുകൾ ചുവടെ

1. ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) വാഗ്ദത്ത പുത്രനും വാഗ്ദത്ത പരിഷ്ക്കർത്താവുമായിരുന്നു.വാഗ്ദത്ത മസീഹിന്റെ രണ്ടാമത്തെ പിൻഗാമിയുമായിരുന്നു. അദ്ദേഹം 1889 ജനുവരി 12 ന് ജനിച്ചു. 1965 നവംബർ മാസത്തിൽ അദ്ദേഹം വഫാത്തായി
2. ഹസ്റത്ത് മിർസാ ബശീർ അഹ്മദ് (റ) 1893 ഏപ്രിൽ 20 ന് ജനിച്ചു. 1963 സെപ്തംബർ 2 ന് വഫാത്തായി
3. ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് (റ) 1895 മെയ് 24 ന് ജനിച്ചു. 1961 ഡിസംബർ 26 ന് വഫാത്തായി
4. ഹസ്റത്ത് സയ്യിദ, : നവാബ് മുബാറക്ക ബീഗം (റ) 1897 മാർച്ച് 2ന് ജനിച്ചു. 1977 മെയ് 23 ന് വഫാത്തായി
5. ഹസ്റത്ത് സയ്യിദ : നവാബ് അമത്തുൽ ഹാഫിസ (റ) 1904 ജൂൺ 25 ന് ജനിച്ചു 1987 മെയ് 06 ന് വഫാത്തായി

   ബൈഅത്ത് (ഭക്തിപ്രതിഞ്ജ) 1889 മാർച്ച് 23 ന്, ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ, പ്രഥമ ബൈഅത്ത് ലൂധിയാനയിലെ ഹസ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബിന്റെ വീട്ടിൽ വെച്ചു നടക്കുകയുണ്ടായി. അഹ്മദിയ്യത്തിലേക്ക് പ്രവേശിച്ച പ്രഥമ വ്യക്തി ബേറയിലെ ഹസ്റത്തു മൗലവി നൂറുദ്ദീൻ (റ) ആയിരുന്നു. പിന്നീട് അദ്ദേഹം വാഗ്ദത്തമസീഹി (അ) ന്റെ പ്രഥമ ഖലീഫയായി.

## ഇഹലോക യാത്രയുടെയും ദൗത്യത്തിന്റെയും അന്ത്യത്തിൽ

അദ്ദേഹത്തിന്റെ ഭാര്യയുടെ അഭ്യർത്ഥന പ്രകാരം 1908, ഏപ്രിൽ 29 ന് വാഗ്ദത്തമസീഹ് (അ) ലാഹോറിൽ എത്തിചേർന്നു. 1908 മെയ് 09 ന് അറബിയിൽ അദ്ദേഹത്തിന് ഒരു വെളിപാടു ലഭിച്ചു. അതിന്റെ അർത്ഥം ദേഹത്യാഗം, എന്നിട്ട് മരണം, എല്ലാ ഭാരങ്ങളും അല്ലാഹു വഹിക്കുന്നതാണ്. ഈ വെളിപാടിലൂടെ അദ്ദേഹത്തെ അറിയിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ മരണസമയം ആസന്നമായിരിക്കുകയാണ് എന്നാണ്.

1908 മെയ്യ് 17 ന് വാഗ്ദത്തമസീഹ് (അ) ന്റെ ആഗ്രഹപ്രകാരം ലാഹോറിലെ പൊതുവിലുള്ള നേതാക്കന്മാരെയും, വിശിഷ്ട വ്യക്തികളെയും ഒരു സദ്യക്കായി ക്ഷണിക്കുകയുണ്ടായി. അതിഥികളുടെ നിർബന്ധത്തിന് വഴങ്ങി വാഗ്ദത്തമസീഹ് (അ) ഭക്ഷണത്തിനു മുൻപായി ഏകദേശം രണ്ടുമണിക്കുറോളം സംസാരിക്കുയുണ്ടായി. അദ്ദേഹത്തിന്റെ വാദങ്ങളുടെയും അദ്ദേഹത്തിന്റെ അധ്യാപനങ്ങളുടെയും വിശദമായ ഒരു വിവരണം നല്കുകയുണ്ടായി. അദ്ദേഹത്തിനെതിരായി, അദ്ദേഹത്തിന്റെ ശത്രുക്കൾ അഹമദിയ്യത്തിനെതിരിൽ ഉയർത്തിയ എല്ലാവിധ ആരോപണങ്ങൾക്കും, അവർക്ക് ബോധ്യപ്പെടുന്ന നിലയിലുള്ള മറുപടികൾ നല്കുകയുണ്ടായി.

ഒരു പൊതു പ്രഭാഷണം നടത്തണമെന്ന് ചില ആളുകൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾക്ക് മറുപടി എന്ന നിലയിൽ, വാഗ്ദത്ത മസീഹ് (അ) അതിന് സമ്മതിക്കുകയും, അതിനായി

ഒരു ലേഖനം തയ്യാറാക്കുകയും ചെയ്തു. പൈഗാമെസുൽഹ് (സമാധാനത്തിന്റെ സന്ദേശം) എന്ന പേരിൽ പ്രസ്തുത ലേഖനം പ്രസിദ്ധമാണ്. ഇതിന്റെ ലക്ഷ്യം ഇൻഡ്യയിലെ മുസ്ലിംകളും ഹിന്ദുക്കളും സമാധാനത്തോടെ കഴിയണം എന്നതായിരുന്നു. ഈ ലേഖനം എഴുതുന്നതിനിടയിൽ 1908, മെയ് 20 ന് വാഗ്ദത്തമസീഹ് (അ) ന് അല്ലാഹുവിൽ നിന്നുള്ള മറ്റൊരു വെളിപാട് അറബിയിൽ ലഭിക്കുകയുണ്ടായി. ദേഹത്യാഹം വീണ്ടും ഒരു ദേഹത്യാഗം ! അപ്പോൾ മരണം വളരെ സമീപത്തെത്തിയിരിക്കുന്നു എന്നുസാരം !

എന്നിരുന്നാലും അതിന്റെ ജോലി തുടർന്നു കൊണ്ടിരുന്നു. അതിന്റെ കയ്യെഴുത്തു പ്രതി പൂർത്തികരിച്ചു 1908 മെയ് 25 ന് ഉച്ചകഴിഞ്ഞ് പ്രസിദ്ധീകരണത്തിനായി അത് കൈമാറുകയുണ്ടായി. അസ്ർ നമസ്ക്കാരത്തിന് ശേഷം വാഗ്ദത്തമസീഹ് (അ) ഈസ (അ) ന്റെ വഫാത്തിനെ കുറിച്ച് ഒരു ചെറു പ്രഭാഷണം നല്കുകയുണ്ടായി. എന്നിട്ട് അദ്ദേഹത്തിന്റെ നിത്യമുള്ള സവാരിക്കായി പുറത്തേക്കുപോയി.

അന്നേദിവസം വൈകുന്നേരം മഗ്‌രിബ് ഇശാഅ് നമസ്ക്കാരശേഷം, വാഗ്ദത്തമസീഹ് (അ) സാധാരണ ഉറങ്ങാൻ പോകുന്ന സമയത്ത് ഉറങ്ങനായി പോയി. രാത്രി 11 മണിയോട് അദ്ദേഹത്തിന് അതിസാരത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി.

നിങ്ങൾക്കറിയാവുന്നതുപോലെ, തീവ്ര മുല്ലാക്കൾ, തെറ്റായ നിലയിൽ അദ്ദേഹത്തെ അധിക്ഷേപിക്കുകയുണ്ടായി. അതായത് വാഗ്ദത്തമസീഹ് (അ) മരണപ്പെട്ടത് (ദൈവം കാക്കട്ടെ) കക്കൂസിലാണ് എന്ന് ! ഈ നിലയിൽ അദ്ദേഹത്തെ അവർ വ്യക്തിഹത്യ നടത്തുകയുണ്ടായി. ഇത് നമ്മെ ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നു. അതായത് നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ്(സ) യുടെ മേൽ മുസ്ലിംകളല്ലാത്തവർ ചൊരിഞ്ഞ ആക്ഷേപങ്ങൾ, നൂറ്റാണ്ടുകൾക്കു ശേഷവും, ഇപ്പോഴും അദ്ദേഹത്തെ തേജോവധം ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ, മുസ്ലിംകൾ, വിശിഷ്യ മുല്ലാക്കൾ, വാഗ്ദത്തമസീഹ് (അ) നെതിരിൽ ശത്രുതയുടെയും വെറുപ്പിന്റെയും പ്രഭാഷണങ്ങൾ ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. അവർ അദ്ദേഹത്തിന് അതിസാരം ബാധിച്ചതിന്, അദ്ദേഹം കക്കുസിലാണ് മരിച്ചത് എന്ന് പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നു. അത്തരം ഒരു കാര്യത്തിന്, അവരിലാരെങ്കിലും സാക്ഷിആയിരുന്നുവോ ? ഇത് സത്യമായിരുന്നെങ്കിൽ, അതൊരു ശാപമരണമാണെന്ന് കണക്കാക്കാമോ ? മരണപ്പെട്ടവരുടെ ശവസംസ്ക്കാരത്തിനു വേണ്ടിയുള്ള കുളിപ്പിക്കലിനെ പറ്റി എന്താണ് കരുതിയിരിക്കുന്നത് വിശിഷ്യാ മുസ്ലിംകൾ, നാം ശവശരീരത്തെ ശ്രദ്ധപൂർവ്വം ആദരവോടെയുമാണ് കുളിപ്പിക്കുന്നത്, ശരീരം ഉയർത്തുമ്പോൾ പോലും ! അപ്പോൾ ആവശ്യമായത് ചെയ്യേണ്ടതുമാണ്. അതായത് അവന്റെ / അവളുടെ വയർ മെല്ലെ തടവേണ്ടതുണ്ട്

ശരീരത്തിനുള്ളിലെ അശുദ്ധമായ സാധനങ്ങൾ പുറത്തുകളയുവനായി ആചാരപ്രകാരം അത് ശുദ്ധമാക്കുന്നതിനു വേണ്ടി. ഈ ത്രീവമുല്ലക്കളുടെ വീക്ഷണത്തിൽ അതിസാരം മൂലം മരണപ്പെടുന്നത് ശാപമരണമാണ് എങ്കിൽ,

മയ്യിത്ത്കുളിപ്പിക്കുന്ന സമയത്ത് എല്ലാ ശവശരീരങ്ങളിൽ നിന്നും പുറത്തുകളയേണ്ട വിസർജ്ജ്യ വസ്തുക്കളെക്കുറിച്ച് ഇവർക്കെന്താണ് പറയുവാനുള്ളത് ? ഈ വിസർജ്ജ്യ വസ്തുക്കൾ പുറത്തു വരുമ്പോൾ, അവർ പറയുമോ, മരണപ്പെട്ടവൻ / മരണപ്പെട്ടവൾ ശപിക്കപ്പെട്ടവളാണെന്ന് ! അങ്ങനെ വാഗ്ദത്ത മസീഹ് (അ) ന് പനി കഠിനമായി. രാത്രിയിൽ കൂടക്കൂടെ ബോധം വന്നും പോയും നിന്നു. അതിരാവിലെ അദ്ദേഹം ചോദിച്ചു. നമസ്ക്കാര സമയമായോ ? തന്റെ സമീപത്തു നിന്ന ഒരാൾ പറഞ്ഞു. അതെ, ഹുസൂർ സമയമായി ! അദ്ദേഹം നമസ്ക്കരിക്കാൻ ആരംഭിച്ചു. പ്രാർത്ഥനാ മധ്യത്തിൽ അദ്ദേഹത്തിന് വീണ്ടും ബോധക്ഷയമുണ്ടായി, ഇവിടെ നാം പറയുന്നു, അദ്ദേഹത്തിന്റെ നമസ്ക്കാരം പൂർത്തികരിച്ചു. ത്രീവമുല്ലാക്കൾക്ക് എത്രധൈര്യമാണ്, അദ്ദേഹം കക്കൂസിലാണ് മരിച്ചത് എന്നുപറയുവാൻ. കക്കൂസിൽ ആരെങ്കിലും നമസ്ക്കരിക്കുമോ .? മറിച്ച്, അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ, അദ്ദേഹത്തിന്റെ റൂഹ് അദ്ദേഹത്തിന്റെ ശരീരത്തിന്റെ ഉള്ളിലുണ്ടായിരുന്നപ്പോൾ, തന്നെ അദ്ദേഹത്തിന്റെ ഉള്ളിലുണ്ടായിരുന്ന എല്ലാ വിസർജ്ജവസ്തുക്കളും പുറത്തുകളുയുവാനുള്ള അവസരമുണ്ടായി, അതിനുശേഷമാണ് അദ്ദേഹം വഫാത്തായത്, മരണം ആസന്നമാകുന്നതിനു മുൻപ് തന്നെ അല്ലാഹു (ത) അദ്ദേഹത്തിന്റെ ശരീരം ശുദ്ധമാക്കുകയുണ്ടായി. രാവിലെ 10 മണിയോടെ, അദ്ദേഹത്തിന്റെ അവസ്ഥവഷളയായി 10.30 ന് നമ്മുടെ പ്രീയ ഇമാം, വാഗ്ദത്തമസീഹ് (അ) വഫാത്തായി. ഇന്നാലില്ലാഹിവ ഇന്നാ ഇലൈഹി റാജിഊൻ.

അദ്ദേഹം വഫാനാകുമ്പോൾ പ്രായം 73 സൂര്യവർഷപ്രകാരം കഴിഞ്ഞിരുന്നു. ചാന്ദ്രവർഷ പ്രകാരം 75 വയസ്സായിരുന്നു. നമ്മുടെ പ്രിയ ഇമാം ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ മേൽ അല്ലാഹു (ത) യുടെ അനന്തമായ അനുഗ്രഹവർഷങ്ങൾ ചൊരിയട്ടെ !

അദ്ദേഹം ഇസ്ലാമിന്റെ മഹാനായ പരിഷ്ക്കർത്താവായിരുന്നു. അദ്ദേഹത്തിന്റെ നിഷ്ക്കളങ്കരായ അനുയായികൾക്ക് അദ്ദേഹം ഏറ്റവും നല്ല മാതൃക പുരുഷനായിരുന്നു. തീർച്ചയായും ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിന്റെ വരവോടെ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം-ന്റെ ആവിർഭാവത്തോടെ, അതിന്റെ പുരോഗതി തടയുവാൻ ലോകത്ത് ഒരു ശക്തിയുമില്ല ! തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ എന്നെന്നും സത്യമായി പുലരുന്നതാണ്. ഇൻശാഅല്ലാഹ് !

**Translated by:**
**R. Jamaluddin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**